
# ഇസ്‌ലാമിന്റെ ഖലീഫ

## അനഹ്മദി അതിഥികളെ അഭിസംബോധന ചെയ്യുന്നു

# വിശ്വശാന്തി:

## ഹദ്റത്ത് മുഹമ്മദ് നബി(സ)യുടെ സമാനതകളില്ലാത്ത പരിശ്രമങ്ങൾ.

ആഗോള അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ തലവൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് [അയ്യദഹു]
അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്, ജർമ്മനിയുടെ ദേശീയ വാർഷിക സമ്മേളത്തിന്റെ (ജൽസാ സാലാന)
രണ്ടാം ദിവസമായ 6 ജൂൺ 2015 ന് ജർമ്മൻകാരായ അതിഥികളോട് നടത്തിയ പ്രഭാഷണം.




**ദൈവികാജ്ഞയാൽ മക്കയിൽ നിന്നും വിവിക്തമായ ഒരു ഉദ്ഘോഷണം ഉയർന്നു പൊങ്ങുകയുണ്ടായി. ഏകദൈവത്തെ ആരാധിക്കണമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്തുകൊണ്ടുള്ളതായിരുന്നു ആ വിളംബരം. അതോടൊപ്പം  ഈ വിളിക്കുത്തരം നൽകിയാൽ മാനവരാശിക്ക് യഥാർത്ഥത്തിലുള്ള അന്തസ്സും  ആത്മാഭിമാനവും പുരോഗതിയും ആഹ്ലാദവും ഇഹപരലോകങ്ങളിൽ സംജാതമാവുമെന്നും ഇതോടൊപ്പം പ്രഖ്യാപനമുണ്ടായി.**

ആ ഉദ്ഘോഷണം പ്രവാചകന്മാരുടെ മുദ്രയായ റസൂൽ തിരുമേനി(സ) യുടെതായിരുന്നു.  ചരിത്രത്തെ ഏറ്റവും അധികം സ്വാധീനിച്ച ഈ വ്യക്തിയുടെ വിശ്വപ്രശസ്തമായ ജീവചരിത്രം അയത്നലളിതമായി ആർക്കും ഗ്രഹിക്കാവുന്ന വിധം ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് രേഖപ്പെടുത്തുന്നു.

വായിക്കുക: തിരുനബി ചരിത്രം
പുസ്തകം ലഭിക്കാൻ ബന്ധപ്പെടുക

Read online here:
pdf
http://www.alislam.org/library/books/Life-of-Muhammad.

Purchase book at : noorulislam@qadian.in

# അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്

1889 ൽ സ്ഥാപിക്കപ്പെട്ട ഇസ്‌ലാമിലെ അതിശീഘ്രം വളർന്നുകൊണ്ടിരിക്കുന്ന സജീവമായൊരു അന്തർദേശീയ ഇസ്‌ലാംമത പുനരുജ്ജീവന പ്രസ്ഥാനമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. കോടിക്കണക്കിന് അംഗങ്ങളുള്ള അഹ്മദിയ്യാ പ്രസ്ഥാനം 206 രാജ്യങ്ങളിൽ വ്യാപിച്ചു നിൽക്കുന്നു. അഹ്മദിയ്യാ പ്രസ്ഥാനത്തിന്റെ ഇപ്പോഴത്തെ ആസ്ഥാനം യുണൈറ്റഡ് കിംങ്ഡ്ഡം ആണ്.

ദീർഘകാലമായി മുസ്‌ലിം സമൂഹം കാത്തിരുന്ന മസീഹ് വന്നു എന്നും ആഗതനായ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) (1835-1908) ആണെന്നും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് വിശ്വസിക്കുന്നു. മുഹമ്മദ് നബി(സ) അവസാനകാലത്ത് ആഗതനാകുമെന്ന് ആലങ്കാരികമായി നസറേത്തുകാരനായ യേശുവിനോട് ഉപമിച്ച് പറഞ്ഞ രണ്ടാം വരവാണ് ഹദ്റത്ത് അഹ്മദ്(അ)ൽ സംഭവിച്ചത്.

മതയുദ്ധങ്ങൾ അവസാനിപ്പിക്കുന്നയാളും. രക്തച്ചൊരിച്ചിലിൽ ഒഴിവാക്കാനും ധാർമികതയും നീതിയും ശാന്തിയും പുനസ്ഥാപിക്കാനുമാണ് യേശുവിനെപോലെ അഹ്മദ്(അ) നെയും ദൈവം അയച്ചതെന്ന് അഹ്മദികൾ വിശ്വസിക്കുന്നു. ഹദ്റത്ത് അഹ്മദി(അ)ന്റെ ആവിർഭാവത്തോടെ ഇസ്‌ലാമിൽ അഭൂതപൂർവ്വമായ ഒരു നവോത്ഥാനത്തിന്റെ കാലഘട്ടം സമാരംഭിച്ചിരിക്കുകയാണ്. ഹദ്റത്ത് അഹ്മദ്(അ) ഇസ്‌ലാമിന്റെ തനതായതും സാരവത്തുമായ അദ്ധ്യാപനങ്ങൾ ഊർജ്ജസ്വലതയോടെ പ്രചരിപ്പിച്ച് ഇസ്‌ലാമിനെ അസഹിഷ്ണുതാപൂർണ്ണമായ വിശ്വാസങ്ങളിൽനിന്നും ആചാരങ്ങളിൽനിന്നും മുക്തനാക്കി. സൊറോസ്റ്റർ(അ), അബ്രഹാം(അ), മോസസ്(അ), യേശു(അ), ശ്രീകൃഷ്ണൻ(അ), ശ്രീബുദ്ധൻ(അ), കൺഫ്യൂഷസ്(അ), ലാവോത്സു(റ), ഗുരുനാനാക്ക്(റ) മുതലായ മതസ്ഥാപകരേയും പുണ്യാത്മാക്കളുടെയും ഉദാത്ത പാഠങ്ങൾ അദ്ദേഹം തിരിച്ചറിയുകയും ആ പുണ്യപാഠങ്ങളെല്ലാം എങ്ങിനെ ഇസ്‌ലാമിൽ കേന്ദ്രീകരിക്കപ്പെടുന്നു എന്ന് വിശദീകരിക്കുകയും ചെയ്തു.

ഭീകരവാദത്തിന്റെ സകല രൂപങ്ങളേയും അസന്നിഗ്ദമായി നിരാകരിക്കുന്ന പ്രമുഖമതസംഘടനയാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്. വൈയക്തികമായും, സാമൂഹികമായും, സാമ്പത്തികമായും, ദേശീയമായും അന്തർദേശീയമായും ശാന്തിയും സഹിഷ്ണുതയും എല്ലാതലത്തിലും സ്ഥാപിക്കാൻ അതിന്റെ സകലകഴിവുകളും ഉപയോഗിച്ച് അഹ്മദിയ്യാ പ്രസ്ഥാനം ശ്രമിക്കുന്നു. അഹ്മദിയ്യാ മുസ്‌ലിം സമൂഹം ലോകത്ത് മതാന്തരീയ സമാധാനം കൊണ്ടുവരുവാനും കഠിനമായി യത്നിക്കുന്ന ഒരു പ്രസ്ഥാനമാണ്.




# അവതാരിക

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് (ജർമ്മനി)യുടെ ദേശീയ വാർഷിക സമ്മേളനത്തിന്റെ (ജൽസാ സാലാന) രണ്ടാം ദിവസമായ 6 ജൂൺ 2015 ന് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ ആഗോള നായകൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ആയിരത്തിലധികം അനഹ്മദി ശ്രോതാക്കളെ അഭിസംബോധന ചെയ്ത് നടത്തിയ പ്രഭാഷണത്തിന്റെ മലയാള വിവർത്തനമാണിത്.

ഇസ്‌ലാം മതതീവ്രവാദത്തെയും അക്രമണത്തേയും അനുകൂലിക്കുന്നു എന്ന ആരോപണത്തെ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് വിശുദ്ധ ഖുർആനിൽ നിന്നും നിരവധി വചനങ്ങൾ ഉദ്ദരിച്ചുകൊണ്ട് തന്റെ പ്രഭാഷണത്തിൽ നിരാകരിക്കുകയുണ്ടായി. സമാനതകളില്ലാത്ത വിധം ലോകത്ത് സമാധാനം സ്ഥാപിക്കാൻ ഇസ്‌ലാം മതസ്ഥാപകനായ ഹദ്റത്ത് മുഹമ്മദ് നബി(സ) നടത്തിയ യത്നങ്ങൾ പരാമർശിച്ചുകൊണ്ടാണ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് തന്റെ പ്രഭാഷണം ആരംഭിച്ചത്. സമാധാനത്തിലധിഷ്ഠിതമായ ഇസ്‌ലാം മതത്തിന്റെ തനത് അധ്യാപനങ്ങൾ പുനരുജ്ജീവിപ്പിക്കാനാണ് അഹ്മദിയ്യാ മുസ്‌ലിം പ്രസ്ഥാനത്തിന്റെ സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ അല്ലാഹു നിയോഗിച്ചത് എന്ന് ഖലീഫത്തുൽ മസീഹ് പ്രഭാഷണത്തിൽ പ്രസ്താവിക്കുകയുണ്ടായി.

ആ പ്രഭാഷണത്തിന്റെ പൂർണ്ണരൂപത്തിന്റെ മലയാള വിവർത്തനമാണ് അടുത്ത താളുകളിൽ.



## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആഗോള നേതാവ്
## ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് [അയ്യദഹു] നടത്തിയ മുഖ്യപ്രഭാഷണം.

### മുഖ്യപ്രഭാഷണം

തശഹ്ഹുദും തഅവ്വുദും ബിസ്മിയും ഓതിയതിന്ന് ശേഷം ഖലീഫത്തുൽ മസീഹ് പ്രഭാഷണം ആരംഭിച്ചു.
ബഹുമാന്യ അതിഥികളെ,

*അസ്സലാമു അലൈക്കു വ റഹ്മത്തുല്ലാഹ്* - അല്ലാഹുവിന്റെ ശാന്തിയും സമാധാനവും നിങ്ങളിലെല്ലാവരിലും ഉണ്ടാവട്ടെ. അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിൽ അംഗങ്ങളല്ലാതിരുന്നിട്ടും ഞങ്ങളുടെ ഈ വാർഷിക സംഗമത്തിൽ എത്തിചേർന്ന അനഹ്മദികളായ എല്ലാ അതിഥികൾക്കും ഞാൻ എന്റെ ഹാർദ്ദമായ നന്ദി ആദ്യമായി രേഖപ്പെടുത്തുന്നു.

ഞാൻ ഇന്നത്തെ എന്റെ ഈ പ്രഭാഷണത്തിൽ ഇസ്‌ലാമിന്റെ സ്ഥാപകനായ വിശുദ്ധ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് നബി(സ)യെ കുറിച്ച്, ലോകത്ത് സമാധാനം സ്ഥാപിക്കാൻ അവിടുന്ന് നടത്തിയ അനുപമമായ യത്നങ്ങളെകുറിച്ചും ഹ്രസ്വമായി പ്രതിപാധിക്കുന്നതാണ്. ലോകത്തിന്റെ സമാധാനം നശിപ്പിച്ചുകൊണ്ടിരിക്കുകയും വിശുദ്ധ ഖുർആന്റെയും വിശുദ്ധ പ്രവാചകന്റെയും പേരിൽ അതിനെ ന്യായീകരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ചില മുസ്‌ലിംനാമധാരികളെ നാം ഇന്ന് കാണുന്നു. ഈ സമകാലീന പശ്ചാത്തലത്തിൽ മുഹമ്മദ് നബി(സ)യുടെ സമാനതകളില്ലാത്ത സമാധാന യത്നങ്ങളെപറ്റി കേൾക്കുന്ന നിങ്ങൾ തികച്ചും അത്ഭുതപ്പെട്ടേക്കാം അല്ലെങ്കിൽ വിസ്മയഭരിതരായേക്കാം. ഘോരമായ രീതിയിൽ ഭീകരതയും അക്രമവും അവർ അനുവർത്തിക്കുമ്പോഴും അവർ അവകാശപ്പെടുന്നത് ഈ ഹീന കൃത്യങ്ങളെല്ലാം ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപന പ്രകാരമാണ് തങ്ങൾ നിർവ്വഹിക്കുന്നത് എന്നാണ്. മുസ്‌ലിംകൾ എന്നറിയപ്പെടുന്ന ഇക്കൂട്ടർ നടത്തിക്കൊണ്ടിരിക്കുന്ന ഈ അരാചകത്വവും ആത്യന്തിക തീവ്രവാദവും നിമിത്തം എന്റെയും ഓരോ അഹ്മദി മുസ്‌ലിമിന്റേയും വിശ്വാസവർദ്ധനക്ക് അത് കാരണമായിത്തീരുന്നു എന്ന് കൂടി കേൾക്കുമ്പോൾ നിങ്ങളുടെ വിസ്മയം കുറേകൂടി അധികരിക്കുന്നതാണ്. ചില മുസ്‌ലീംകളുടെ തീവ്രവാദപ്രവർത്തനങ്ങൾ കാണുമ്പോൾ എങ്ങനെയാണ് അഹ്മദി മുസ്‌ലിംകളുടെ വിശ്വാസത്തിന്ന് വർദ്ധനവുണ്ടാകുന്നത് എന്നോർത്ത് നിങ്ങൾക്ക് ആശയക്കുഴപ്പവും ആശ്ചര്യവുമുണ്ടായേക്കാം. അഹ്മദികൾ, തീവ്രവാദത്തെ പിന്തുണക്കുന്ന മറ്റു മുസ്‌ലിംകളെപോലെയാണോ എന്ന് നിങ്ങൾ ഒരു വേള ചിന്തിക്കുകയോ ആശങ്കപ്പെടുകയോ ചെയ്തേക്കാം. എന്തായാലും അഹ്മദികളെ കുറിച്ച് ഇത്തരമൊരു സങ്കൽപ്പവും വിശ്വാസവും തികച്ചും തെറ്റാണ്.

*അഹ്മദി മുസ്‌ലിംകൾ സമാധാനത്തിന്റേയും വിശ്വസ്നേഹത്തിന്റേയും, സുരക്ഷയുടേയും അധ്യാപനങ്ങൾ പ്രബോധിക്കുമ്പോൾ അത് നൂതനമായ ഒരു കാര്യമല്ല എന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. മറിച്ച് അത് ഇസ്‌ലാമിന്റെ യഥാർത്ഥത്തിലുള്ള തത്വങ്ങളുടെ പ്രകാശനം മാത്രമാണ്. ഇസ്‌ലാം എല്ലാ അർത്ഥത്തിലും ശാന്തിയുടെയും, സൗഹൃദത്തിന്റെയും സഹിഷ്ണുതയുടെയും കാരുണ്യത്തിന്റേയും മതമാണ്.*

ഞാൻ ആദ്യമേ പറയട്ടെ, അഹ്മദി മുസ്‌ലിംകൾ ലോകത്ത് സമാധാനം സ്ഥാപിക്കാൻ ആത്മാർത്ഥമായും ശ്രമിക്കുന്നവരും പറയുന്നതനുസരിച്ച് പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരുമാണ്. ഞങ്ങളുടെ പുറത്ത് എന്തൊന്നാണോ ഉള്ളത് അത് തന്നെയാണ് അകത്തും ഉള്ളത്. ഞങ്ങളുടെ ഹൃദയത്തിലുള്ള യഥാർത്ഥ ഇസ്‌ലാമിക വിശ്വാസമനുസരിച്ചാണ് ഞങ്ങൾ ജീവിതം നയിക്കുന്നത്. അഹ്മദി മുസ്‌ലിംകൾ സമാധാനത്തിന്റേയും വിശ്വസ്നേഹത്തിന്റേയും, സുരക്ഷയുടേയും അധ്യാപനങ്ങൾ പ്രബോധിക്കുമ്പോൾ അത് നൂതനമായ ഒരു കാര്യമല്ല എന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. മറിച്ച് അത് ഇസ്‌ലാമിന്റെ യഥാർത്ഥത്തിലുള്ള തത്വങ്ങളുടെ പ്രകാശനം മാത്രമാണ്. ഇസ്‌ലാം എല്ലാ അർത്ഥത്തിലും ശാന്തിയുടെയും, സൗഹൃദത്തിന്റെയും സഹിഷ്ണുതയുടെയും കാരുണ്യത്തിന്റേയും മതമാണ്.

തീർച്ചയായും ഇസ്‌ലാമിന്റെ മഹിതമായ അധ്യാപനങ്ങൾ ഒന്നുകൊണ്ടു മാത്രമാണ് അഹ്മദികൾ മുസ്‌ലിംകളോടും അമുസ്‌ലിംകളോടും ഉത്ക്കടമായ സ്നേഹവികാരം പ്രദർശിപ്പിക്കുന്നത്. ഇസ്‌ലാം മതത്തിന്റെ പ്രേരണയാൽ മാത്രമാണ് സാധ്യമായ എല്ലാ വഴികളിലൂടെയും സമാധാനം കൊണ്ടുവരാൻ ഞങ്ങൾ ആഗ്രഹിക്കുകയും ആ ലക്ഷ്യം സാക്ഷാത്ക്കരിക്കാൻ യത്നിക്കുകയും ചെയ്യുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ചത്പോലെ പ്രത്യക്ഷമായി വൈരുധ്യമോ പൊരുത്തമില്ലായ്മയോ തോന്നുന്ന എന്റെ പ്രസ്താവനയിൽ ആശയക്കുഴപ്പവും ആശങ്കയുമുണ്ടാക്കുന്ന അവസ്ഥയിൽ നിങ്ങളെ കുറേനേരം തളച്ചിടാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതായത് ഒരു വശത്ത് അന്യമുസ്‌ലിംങ്ങളുടെ തീവ്രവാദ പ്രവർത്തനത്തെ തങ്ങൾ അപലപിക്കുന്നതായി പറയുക. മറ്റൊരു വശത്ത് അത്തരം പ്രവർത്തനങ്ങൾ ഞങ്ങളുടെ ഇസ്‌ലാമിക വിശ്വാസത്തെ അധികരിപ്പിക്കുന്നു എന്നും പറയുകയും ചെയ്യുക.

**ഇക്കാര്യം വിശദീകരിക്കുന്നതിന്നും വ്യക്തമാക്കുന്നതിന്നുമായി 1400 വർഷങ്ങൾക്ക് മുമ്പ് ഇസ്‌ലാം മതസ്ഥാപകനായ ഹദ്റത്ത് മുഹമ്മദ് നബി(സ)ന്റെ കാലഘട്ടത്തിലേക്ക് ഞാൻ ചരിത്രഘടികാരത്തിന്റെ സൂചി തിരിച്ചു വെക്കാനാഗ്രഹിക്കുന്നു. ആ കാലത്ത് ഇസ്‌ലാമിന്റെ ഭാവിയെ സംബന്ധിച്ച് റസൂൽ തിരുമേനി(സ) മഹത്തായ ഒരു പ്രവചനം നടത്തുകയുണ്ടായി. ആ അവസാനകാലത്ത് ആത്മീയമായ അന്ധകാരം മുസ്‌ലിം സമൂഹത്തെ ഗ്രസി ക്കുകയും അവരുടെ വിശ്വാസമാകെ അപഭ്രംശത്തിന്ന് വിധേയമാവുകയും ചെയ്യും. ആ ഒരു കാലഘട്ടത്തിൽ മുസ്‌ലിംകളുടെ കർമ്മങ്ങളെല്ലാം തന്നെ ഇസ്‌ലാമിന്റെ തനത് അധ്യാപനങ്ങൾക്ക് വിരുദ്ധമായിരി**



**ക്കും. ആ കാലത്ത് മുസ്‌ലിം മതപണ്ഡിതന്മാർ തികച്ചും തെറ്റായ രീതിയിൽ ഇസ്‌ലാമികാദ്ധ്യാപനങ്ങളെ ദുർവ്യാഖ്യാനം ചെയ്യുകയും അവരുടെ മനോനില കാരണം ക്രമരാഹിത്യവും അനീതിയും പരക്കുകയും ചെയ്യും. എന്തായാലും മുസ്‌ലിംകളുടെ അത്യന്തം ശോചനീയമായ ശൈഥില്യാവസ്ഥയെപറ്റി താക്കീത് ചെയ്ത റസൂൽ തിരുമേനി(സ) അക്കാലത്തുണ്ടാവുന്ന ഒരു സുവിശേഷവും അറിയിക്കുകയുണ്ടായി. അതായത് അരാചകത്വത്തിന്റേയും കലഹത്തിന്റേയും ആ കാലത്ത് ഇസ്‌ലാം മതത്തെ പുനരുജ്ജീവിപ്പിക്കാനും ഇസ്‌ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ പ്രചരിപ്പിക്കാനും വേണ്ടി സർവ്വശക്തനായ അല്ലാഹു ഒരു വ്യക്തിയെ നിയോഗിക്കുമെന്നതായിരുന്നു ആ സുവിശേഷം. വാഗ്ദത്ത മസീഹും ഇമാം മഹ്ദിയുമായിരിക്കും ആ ദൈവപ്രേഷിതൻ. അദ്ദേഹം ഇസ്‌ലാമിന്റെ യഥാർത്ഥത്തിലുള്ളതും സമാധാനപൂർണ്ണവുമായ അദ്ധ്യാപനങ്ങൾ ലോകം മുഴുവനുമായി പുനസ്ഥാപിക്കും. ഇസ്‌ലാമിന്റെ അദ്ധ്യാത്മിക പ്രഭകൊണ്ട് മാനവരാശിയെ പൂരിതവുമാക്കുകയും ചെയ്യും.**

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രവചനത്തിന്റെ രണ്ട് വശങ്ങളും പുലർന്നതായി ഞങ്ങൾ കാണുന്നു. ഒരു വശത്ത് ഇസ്‌ലാം മതം ദൂഷിതമാവുകയും അതിന്റെ അദ്ധ്യാപനങ്ങൾക്ക് അപഭ്രംശം സംഭവിക്കുകയും ചെയ്തിരിക്കുന്നു. മറുവശത്താകട്ടെ **ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ വാഗ്ദത്ത മഹ്ദിയും മസീഹുമായി അല്ലാഹു നിയോഗിച്ചയച്ചിരിക്കുന്നു.** അദ്ദേഹമാണ് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ ജീവിതകാലത്ത് അവിടുന്ന് യഥാർത്ഥ ഇസ്‌ലാമിനെ ഉജ്ജ്വലമായ പ്രഭയോടെ പ്രകാശിതമാക്കുകയും അതിഗംഭീരമായ അതിന്റെ അദ്ധ്യാപനങ്ങൾ ലോകത്തിന്ന് മുമ്പിൽ സമർപ്പിക്കുകയും ചെയ്തു. ചരിത്രത്തിലെ ഏറ്റവും മഹാനായ സമാധാനസ്ഥാപകനും ശാന്തിയുടെ മാർഗ്ഗദർശകനും റസൂൽ തിരുമേനി(സ) ആണെന്ന് അദ്ദേഹം സ്ഥാപിക്കുകയുണ്ടായി. അത്കൊണ്ട് ഈ മഹത്തായ പ്രവചനത്തിന്റെ പുലർച്ചയും അത്പോലെ ചില മുസ്‌ലിംകളുടെ ഘോരകൃത്യങ്ങളും കാണുമ്പോഴാണ് അഹ്മദികളുടെ വിശ്വാസം വർദ്ധിക്കുന്നത്.

ഈ ഉപക്രമത്തിന്ന് ശേഷം ലോകത്ത് ചിരസ്ഥായിയായ സമാധാനം സ്ഥാപിക്കാൻ റസൂൽ തിരുമേനി(സ) നടത്തിയ അതുല്യമായ ശ്രമങ്ങളെകുറിച്ച് ഹ്യസ്വമായി വിവരിക്കാൻ ഞാൻ ഉദ്ദേശിക്കുന്നു. റസൂൽ തിരുമേനി(സ) ഞങ്ങൾക്ക് നൽകിയ പ്രഥമവും പ്രധാനവുമായ അടിസ്ഥാനതത്വം, ലോകത്തുള്ള ജനങ്ങളുടെ മനോഭാവവും മുൻഗണനയും പ്രതിജനഭിന്നമാണ്. ജനങ്ങൾ സമാധാനം കാംഷിക്കുന്നു എന്നത് ശരി തന്നെ, പക്ഷേ പലരും തങ്ങളുടെ മാത്രം സമാധാനവും സുരക്ഷിതത്വത്തിന്നുമാണ് പ്രാധാന്യം നൽകുന്നത്. മറ്റുള്ളവരുടെ ക്ഷേമത്തിന്നും അവർ കുറഞ്ഞ തോതിൽ അല്ലെങ്കിൽ തീർത്തും അവഗണിച്ചുകൊണ്ടുള്ള പരിഗണനയേ നൽകാറുള്ളൂ. മനുഷ്യമനശ്ശാസ്ത്രത്തെപറ്റിയുള്ള പഠനങ്ങൾ വ്യക്തമാക്കുന്നത് ഓരോ വ്യക്തിയും തങ്ങൾ സമാധാനത്തിലും സംതൃപ്തിയിലും ജീവിക്കാൻ ആഗ്രഹിക്കുമ്പോൾ തന്നെ അവരുടെ എതിരാളികൾ സന്തോഷത്തിലും സമാധാനത്തിലും വർത്തിക്കണം എന്നവർ ആഗ്രഹിക്കുന്നില്ല.

ജനങ്ങൾ പലവിധത്തിലും സമാധാനത്തെ വിലയിരുത്തുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ് ഉദാഹരണത്തിന്ന് ചില ആളുകൾ അവരുടെ സ്വന്തം മനസ്സിന്റെയും ഹൃദയത്തിന്റെയും ശാന്തിയും തൃപ്തിയും മാത്രമേ പരിഗണിക്കൂ. ചിലർ തങ്ങളുടെ കുടുംബാംഗങ്ങൾക്ക് മുൻഗണന നൽകുന്നു. ചിലരാകട്ടെ തങ്ങളുടെ അയൽപക്കങ്ങൾക്കും സമാധാനം ആഗ്രഹിക്കുന്നു. മറ്റു ചിലർ തങ്ങളുടെ പട്ടണങ്ങളിലും നഗര ങ്ങളിലും വേറെ ചിലർ തങ്ങളുടെ രാജ്യത്തും സമാധാനം പുലർന്നു കാണാൻ ആഗ്രഹിക്കുന്നു. പക്ഷേ മിക്ക ആളുകളും തങ്ങളുടെ വ്യക്തിപരമായ താൽപര്യങ്ങൾക്ക് പുറമെ മറ്റ് പട്ടണങ്ങളിലോ രാജ്യങ്ങളിലോ ജീവിക്കുന്നവർക്ക് എന്ത് സംഭവിക്കുന്നു എന്നതിനെ പറ്റിയാതൊരു പരിഗണനയും നൽകാറില്ല. ദുരിതവും പ്രയാസങ്ങളും അനുഭവിക്കുന്ന ലോകത്തിലെ മറ്റു ജനവിഭാഗങ്ങളോട് അവർ കനിവോ സ്നേഹമോ തോന്നാറില്ല.

മുൻകാലങ്ങളിൽ അന്യജനതകളോട് കാണിക്കുന്ന ഈ നിർവ്വികാരതയും സ്വാത്മീകരണമില്ലായ്മയും ന്യായീകരിക്കാമായിരുന്നു. കാരണം ഇന്നത്തെ പോലെ അക്കാലത്ത് വിവിധ ജനങ്ങൾ തമ്മിൽ ബന്ധിക്ക

ഷെട്ടിരുന്നില്ല. വിവര വിനിമയോപാധികൾ പരിമിതമായിരുന്നു. ഒരു വാർത്ത ഒരു ദേശത്ത്നിന്നും മറ്റൊരു ദേശത്തോ ഒരു രാജ്യത്ത് നിന്നും മറ്റൊരു രാജ്യത്തോ എത്താൻ കാലങ്ങൾ തന്നെ എടുക്കുമായിരുന്നു. ഇടയിൽ വരുന്ന ഈ ദീർഘകാലത്തിനിടക്ക് വാർത്തകൾ കാലഹരണപ്പെടുകയും സാഹചര്യങ്ങൾ മാറിമറിയുകയും ചെയ്യും. ഇപ്രകാരം ദൂര ദിക്കുകളിൽ പാർക്കുന്ന അന്യജനങ്ങളുടെ വേദനകൾ മനസ്സിലാക്കാനും സഹായം തേടാനും അക്കാലത്ത് വളരെ പ്രയാസമായിരുന്നു. എന്നാൽ ഇക്കാലത്ത് ലോകം മറ്റൊന്നായി മാറിയിരിക്കുന്നു. ഇന്ന് ലോകം ഒരു ആഗോള ഗ്രാമമായി ചുരുങ്ങിയിരിക്കുന്നു. ലോകം ഒന്നായി മാറിയിട്ടും ദൂരവും വിനിമയ തടസ്സങ്ങളും അപ്രസക്തമായി കഴിഞ്ഞിട്ടും നമ്മുടെ ബന്ധങ്ങൾക്കിടയിൽ ഒരു തടസ്സം നിലനിൽക്കുന്നു.

ഉദാഹരണത്തിന് മദ്ധ്യപൗരസ്ത്യ ദേശത്തോ ആഫ്രിക്കയിലോ ഉള്ള അവസ്ഥ യൂറോപ്പിലും വടക്കേ അമേരിക്കയിലും ജീവിക്കുന്നവർക്ക് ബാധകമല്ല എന്ന് വിശ്വസിക്കുന്നവരുണ്ട്. അതുപോലെ ആസ്ട്രേലിയയിലും വിദൂര പൗരസ്ത്യ ദേശത്തും കഴിയുന്ന പലരും ധരിക്കുന്നത് റഷ്യയും ഉക്രൈനുമായി നടക്കുന്ന സംഘർഷങ്ങളും മറ്റു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന അരാചകത്വം തങ്ങളുടെ ജീവിതത്തേയും രാജ്യത്തേയും ബാധിക്കില്ല എന്നാണ്. പൊതുവായി പറഞ്ഞാൽ നാം ഇന്ന് കാണുന്ന അരക്ഷിതാവസ്ഥ അത് ബാധിച്ച മേഖലയിൽ മാത്രം ഒതുങ്ങി നില്ക്കും എന്ന വിശ്വാസമാണ് ഉള്ളത്. അതിന്റെ പ്രത്യാഘാതങ്ങൾ കൂടുതൽ മേഖലകളിലേക്ക് പരക്കില്ല എന്നും അവർ കരുതുന്നു.

എന്തുതന്നെയായാലും ഞാനിത് പറയുമ്പോൾ സമീപനത്തിലും ധാരണകളിലും ഒരു മാറ്റത്തിന് കാരണമാകുന്ന ജ്വലിച്ചു നിൽക്കുന്ന ഒരു പ്രശ്നം ഇവിടെയുണ്ട്. ഞാൻ പറഞ്ഞുവരുന്ന പ്രശ്നം കുടിയേറ്റത്തിന്റേതും ഉദ്ഗ്രഥനത്തിന്റെയും വിശാലമായ പ്രശ്നമാണ്. വിവിധ രാജ്യങ്ങളിലെ കുടിയേറ്റ സമൂഹങ്ങളിലെ യുവാക്കളിൽ വർദ്ധിച്ചുവരുന്ന മോഹഭംഗങ്ങളും അസ്വസ്ഥകളും നാം കാണുന്നു. കുടിയേറ്റ സമൂഹങ്ങളിലെ യുവാക്കളെ തീവ്രവാദവത്കരിക്കുന്ന വിതാനത്തിലേക്ക് ഈ ഇഛാഭംഗങ്ങൾ എത്തുകയും അവർ തീവ്രവാദ ഗ്രൂപ്പുകളിൽ ചേരുകയും ചെയ്യുന്നു. യഥാർത്ഥത്തിലുള്ള ഭീതി ഇതാണ്. വികസിത രാജ്യങ്ങൾ ഈ ഭീതി തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. അവരുടെ രാജ്യത്തുള്ള യുവജനങ്ങൾ തന്നെ നിഷേധാത്മക മൂല്യങ്ങളാൽ ആകർഷിക്കപ്പെടുന്നു എന്നത് ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം മാരകമായ ഒരു അവസ്ഥയാണ്.

ഇതിനോടുള്ള പ്രതികരണമെന്നോണം വികസിത രാജ്യങ്ങളിലെ ഭരണകൂടങ്ങളും എൻഫോഴ്സ്മെന്റ് അധികൃതരും തദ്ദേശീയരായ ജനങ്ങളുടെയും സമൂഹത്തിന്റെയും സുരക്ഷ ഉറപ്പ് വരുത്താൻ ഏഷ്യൻ വംശജരായ ജനങ്ങളുടെ മേൽ കൂടുതൽ കൂടുതൽ നിയന്ത്രണങ്ങളും നിബന്ധനകളും ഏർപ്പെടുത്തുന്നു. എന്തുതന്നെയായാലും ഇത് തെറ്റായ ഒരു സമീപനമാണ്. ഗൗരവതരമായ ഈയൊരു പ്രശ്നത്തിനുള്ള ശരിയായ ഉത്തരമല്ല ഇത്. അതിന്റെ പരിഹാരത്തിന്ന് സമഗ്രവും യാഥാർത്ഥ്യ ബോധത്തോട് കൂടിയതുമായ സമീപനമാണ് വേണ്ടത്. ഇസ്‌ലാമിന്റെ വിശുദ്ധ പ്രവാചകൻ ഈയൊരു പ്രശ്നത്തിന്ന് ഞങ്ങൾക്ക് നൽകിയ ഉത്തരവും പരിഹാരവും ഞാൻ നിങ്ങൾക്ക് പറഞ്ഞു തരുന്നതാണ്.

***റസൂൽ തിരുമേനി(സ)യുടെ ജ്ഞാനപ്രബുദ്ധമായ ഈ അധ്യാപനങ്ങളിലൂടെ ഞങ്ങൾക്ക് അവിടുന്ന് സമാധാനത്തിന്റെ സുവർണ്ണതത്വങ്ങൾ കൈമാറിയിട്ടുണ്ട്. അവിടുന്ന് വിശദീകരിച്ചത് ലോകസമാധാനം കേവലം ഭൗതികമായ സമീപനംകൊണ്ടോ ഭൗതിക ആഗ്രഹങ്ങളിൽ മാത്രം ഊന്നി ക്കൊണ്ടോ പരിഹരിക്കാൻ സാധ്യമല്ല എന്നാണ് റസൂൽ തിരുമേനി(സ) ഞങ്ങൾക്ക് പഠിപ്പിച്ചു തന്നത്. മുസ്‌ലിംകളായി കൊള്ളട്ടെ അമുസ്‌ലിംകളായി കൊള്ളട്ടെ, വിദ്വേഷത്തിന്റെയും നിരാശയുടെയും ജ്വലനത്തിൽനിന്നും മുക്തമായി സുരക്ഷിതരായിരിക്കാനും അരാചകത്വത്തിൽ നിന്നും രക്ഷ നേടാനും എല്ലാ ജനങ്ങൾക്കും ഒരേയൊരു വഴിമാത്രമേ ഉള്ളു എന്നാണ്.***

മനുഷ്യസമൂഹം അവരുടെ സ്രഷ്ടാവിനെ തിരിച്ചറിയുകയും അവന്ന് മുന്നിൽ സ്വയം സമർപ്പിതരാവുകയും ചെയ്യുമ്പോൾ മാത്രമാണ് യഥാർത്ഥ സമാധാനം സ്ഥാപിതമാവുകയുള്ളൂ എന്നാണ് റസൂൽ തിരുമേനി പറഞ്ഞത്. മുസ്‌ലിംകൾ അവരുടെ മതത്തിന്റെ യഥാർത്ഥ അധ്യാപനങ്ങൾ വിസ്മരിക്കുകയും സർവ്വാധിനാഥനായ പരാശക്തിയെ കുറിച്ച് വേണ്ടത്ര ചിന്തിക്കാതിരിക്കുകയും അവരുടെ വിശ്വാസത്തെ സംബന്ധിച്ച് അധരമാത്രമായ വ്യഥാ വാക്കുകൾ ഉരുവിടുകയും ചെയ്യുന്ന ഒരു കാലം ആഗതമാവുമെന്ന് റസൂൽ തിരുമേനി(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അപ്രകാരം സർവ്വാധിനാഥനായ ദൈവത്തെ തിരിച്ചറിയുന്നതിൽ ഇതര മതസ്ഥരും പരാജിതരായി ഭവിക്കുകയും മതത്തിൽ വിശ്വസിക്കാത്തവരാകട്ടെ ഒരു പരമോന്നത ശക്തിയുടെ അസ്തിത്വം അംഗീകരിക്കാതെ പോവുമെന്നും അവിടുന്ന് പറഞ്ഞു.

***റസൂൽ തിരുമേനി(സ) പറഞ്ഞ ആ പരമോന്നത ശക്തി പ്രപഞ്ചമാസകലം സൃഷ്ടിച്ച ദൈവമായിരുന്നു. ആ ദൈവത്തിന്റെ നിരവധി ഗുണങ്ങളിലൊന്നാണ് 'സലാം' അതായത് ശാന്തിയുടെ ഉറവിടം എന്നത്.*** വിശുദ്ധ ഖുർആൻ 59-ാം അദ്ധ്യായം 24-ാം വചനത്തിൽ അല്ലാഹു റസൂൽ തിരുമേനി(സ)യോട് ലോകത്തോടായി പറയാൻ ആജ്ഞാപിക്കുന്നത്. പരമോന്നതനായ അല്ലാഹുവിനെ ആരാധിക്കണമെന്നാണ്. അവൻ പരമ പരിശുദ്ധനും ശാന്തിയുടെ ഉറവിടവുമാണ്. സലാം എന്ന പദത്തിന്നർത്ഥം ലോകത്തിന്ന് ശാന്തി പ്രദാനം ചെയ്യുന്നവൻ എന്നാണ്. അതിൽനിന്നും നിർഗളിക്കുന്ന പ്രകാശത്തിൽ നിന്നാണ് എല്ലാ സമാധാനവും പ്രസരിക്കുന്നത്.

എല്ലാ സമാധാനത്തിന്റേയും പ്രഭവകേന്ദ്രം എന്ന നിലക്ക് ദൈവം മാനവരാശിക്കാകമാനം ശാന്തിയും സൗഹൃദവും നിലനിൽക്കാൻ ആഗ്രഹിക്കുന്നു. ഒരു പിതാവ് തന്റെ സന്താനങ്ങൾ തമ്മിൽ പോരടിക്കാനും പരസ്പരം വാഗ്വാദത്തിലേർപ്പെട്ട് വീട്ടിന്നുള്ളിൽ കലഹമുണ്ടാക്കാനും ഇഷ്ടപ്പെടാത്തത് പോലെ അല്ലാഹു ഒരിക്കലും സൃഷ്ടികൾ തമ്മിൽ ക്രമഭംഗവും സംഘട്ടനവും ഉണ്ടാക്കുന്നത് ഇഷ്ടപ്പെടുന്നില്ല. മാതാപിതാക്കൾ സൽസ്വഭാവികളും ശാന്തശീലരുമായ കുട്ടികളെ കൂടുതൽ ഇഷ്ടപ്പെടുന്നതുപോലെ രാജ്യത്തെ നിയമം, സമാധാനകാംക്ഷികളെ ഇഷ്ടപ്പെടുന്നു.

***അത്പോലെ സർവ്വശക്തനായ അല്ലാഹു തങ്ങളുടെ വികാരങ്ങളെ, നിയന്ത്രിക്കുന്നവരെയും സമാധാന കാംഷികളെയുമാണ് കൂടുതൽ ഇഷ്ടപ്പെടുകയെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. നാം ഈ വസ്തുതയെ ക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. വാളുകൊണ്ട് ജിഹാദ് നടത്താനും രക്തം ചൊരിയാനുമാണ് സർവ്വശക്തനായ അല്ലാഹു ഇഷ്ടപ്പെടുന്നതെന്ന് തീവ്രവാദപരമായ ആശയങ്ങൾ പിന്തുടരുന്ന മുസ്‌ലിംകൾ അവകാശപ്പെടുമ്പോൾ അവർ പൂർണ്ണമായും പിഴച്ച മാർഗ്ഗം അവലംബിക്കുകയാണ് ചെയ്യുന്നതെന്ന കാര്യം വളരെ സ്പഷ്ടമാണ്.***

റസൂൽ തിരുമേനി(സ) യുടെ കാലത്ത് നടന്ന യുദ്ധങ്ങൾ അതിന്റെ ശരിയായ പശ്ചാത്തലത്തിൽ കാണേണ്ടതുണ്ട്. ഇസ്‌ലാം മതത്തിന്റെ ആദ്യത്തെ വർഷങ്ങളിൽ റസൂൽ തിരുമേനി(സ) യും അനുയായികളും ഏറ്റവും കിരാതമായ പീഢനത്തിന്നും നിർദ്ദയമായ എതിർപ്പിന്നും വിധേയരായിരുന്നു എന്നത് സംശയരഹിതമായ കാര്യമാണ്. വർഷങ്ങളോളമുള്ള ആത്മ നിയന്ത്രണത്തിന്ന് ശേഷം അമുസ്‌ലിം അക്രമകാരികൾക്ക് നേരെ പ്രതിരോധിക്കാൻ വേണ്ടി യുദ്ധം ചെയ്യാൻ സർവ്വശക്തനായ അല്ലാഹു റസൂൽതിരുമേനി(സ)ക്ക് അനുമതി നൽകി. ഈ അനുമതി വിശുദ്ധ ഖുർആൻ 22-ാം അദ്ധ്യായം 40 ാം വചനത്തിലുണ്ട്. അതിൽ അല്ലാഹു പറയുന്നു. പ്രതിരോധ യുദ്ധം ചെയ്യാൻ അനുമതി നൽകിയിരിക്കുന്നതിന്ന് കാരണം മുസ്‌ലിംകളുടെ മേൽ യുദ്ധം അടിച്ചേൽപ്പിക്കപ്പെട്ടതാണ്. അവർക്ക് സ്വയം സുരക്ഷിതരാവാൻ പ്രതിരോധ യുദ്ധമല്ലാതെ മറ്റു യാതൊരു മാർഗ്ഗവുമില്ലായിരുന്നു.

ഇങ്ങിനെ ഒരു പ്രതിരോധ യുദ്ധം നടത്തേണ്ട ആവശ്യമെന്തായിരുന്നു? അക്കാര്യം വിശദീകരിച്ചുകൊണ്ട് അടുത്ത വചനത്തിൽ പറയുന്നത് കാണുക.(വി.ഖു.22:41) മുസ്‌ലിംകൾ ക്രൂരരായ അക്രമികളാൽ അവരുടെ ഭവനങ്ങളിൽനിന്നും അടിച്ചോടിക്കപ്പെട്ടിരിക്കുന്നു. മർദകരെ അവർ പീഢിപ്പിക്കുന്നതിൽ

നിന്നും തടയാൻ അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ ഒരു മനുഷ്യനും സമാധാനത്തോടെ ജീവിക്കാൻ സാധിക്കുമായിരുന്നില്ല. എന്നാണ്.

മുസ്‌ലിംങ്ങൾ അവർ സ്വയം പ്രതിരോധിച്ചിട്ടില്ലായിരുന്നുവെങ്കിൽ ഒരു ചർച്ചോ, സിനഗോഗോ, അമ്പലങ്ങളോ, മുസ്‌ലിം പള്ളികളോ അവശേഷിക്കുമായിരുന്നില്ല. ഈ ആരാധനാ മന്ദിരങ്ങളിലെല്ലാം തന്നെ ജനങ്ങൾ സംഗമിച്ച് ദൈവനാമം സ്മരിക്കുകയും ശാന്തി പരത്തുകയും അവരുടെ ഹൃദയ മനസ്സുകളിൽ നിന്ന് എല്ലാവിധ തിന്മകളും വിപാടനം ചെയ്യുകയും ചെയ്യുന്ന വിശുദ്ധസ്ഥലികളാണ്. പ്രസ്തുത ഖുർആൻ വചനത്തിൽതന്നെ അല്ലാഹു പറയുന്നു. യുദ്ധം ചെയ്യുന്ന മർദ്ദകരുടെ കരങ്ങൾ തടയാൻ അല്ലാഹു സമ്മതം തന്നിട്ടില്ലായിരുന്നുവെങ്കിൽ അക്കാരണത്താൽ എല്ലാ ആരാധനാമന്ദിരങ്ങളും ലോകത്തിന്റെ സമാധാനവും പൂർണ്ണമായും തകരുമായിരുന്നു.

അങ്ങനെ അക്രമവും അനീതിയും തടയുന്നതിന്ന്വേണ്ടി ഒരു പ്രതിരോധ യുദ്ധം നടത്താൻ അല്ലാഹു റസൂൽ തിരുമേനി(സ)ക്ക് അനുവാദം നൽകി. എല്ലാ മനുഷ്യരുടെയും മൗലികാവകാശങ്ങളും സ്വാതന്ത്ര്യവും കവർന്നെടുക്കാൻ ആഗ്രഹിച്ചവരെ തടഞ്ഞു നിർത്താനുള്ള അനുവാദം നൽകപ്പെട്ടു. മതസ്വാതന്ത്രത്തിന്റെ അടിത്തറ തകർക്കാൻ തുനിഞ്ഞവർ തടയപ്പെട്ടു. ആ അനുവാദം നൽകപ്പെട്ടത് ഇസ്‌ലാം മതത്തെ പ്രതിരോധിക്കാൻ വേണ്ടി മാത്രമായിരുന്നില്ല. എല്ലാ മതങ്ങളേയും എല്ലാവിധത്തിലുള്ള വിശ്വാസങ്ങളേയും സംരക്ഷിക്കാനായിരുന്നു.

മുസ്‌ലിം പള്ളികളും മറ്റ് മതസ്ഥരുടെ ആരാധനാലയങ്ങളും സ്നേഹവും കനിവും പ്രസരിക്കുന്ന പ്രകാശഗോപുരങ്ങളാണെന്നും യാതൊരു വിധത്തിലുള്ള വിദ്വേഷമോ തീവ്രവാദമോ പരത്തുന്ന ഇടങ്ങളല്ലെന്നും നാം ഈ വചനത്തിൽ നിന്നും പഠിക്കുകയുണ്ടായി. അതിൽ കുടുതലായി ഒരു യുദ്ധത്തിലോ സംഘട്ടനത്തിലോ ആയാൽ പോലും സമാധാനവും സുരക്ഷയും എങ്ങിനെ സ്ഥാപിക്കാമെന്നതിനെ കുറിച്ച് മുസ്‌ലിംകളെ പ്രബുദ്ധമാക്കുന്ന രീതിയിലുള്ള മനോഹരമായ അധ്യാപനങ്ങൾ വിശുദ്ധ ഖുർആൻ 8 അധ്യായം 62-ാം വചനത്തിൽ റസൂൽ തിരുമേനി(സ)ക്ക് അല്ലാഹു നൽകിയിരിക്കുന്നു.

നിങ്ങളുടെ ശത്രുക്കൾ മുന്നോട്ട് വന്ന് സമാധാനത്തിലേക്ക് കൈ നീട്ടുകയോ അനുരഞ്ജനത്തിന്നായി സന്നദ്ധനാകുകയോ ചെയ്താൽ ഒട്ടും വൈകാതെ നിങ്ങളത് സ്വീകരിക്കുകയും അതിന്ന്ശേഷം അല്ലാഹുവിൽ നിങ്ങൾ വിശ്വാസമർപ്പിക്കുകയും ചെയ്യുക എന്ന് അല്ലാഹു ഈ വചനത്തിൽ പറയുന്നു. ശത്രു കബളിപ്പിക്കുകയാണെന്നോ ആത്മാർത്ഥതയില്ലാതെ അനുരഞ്ജനം നടത്തുകയാണെന്നോ ഊഹിക്കരുത്. അങ്ങനെ ചെയ്യുന്നതിന്ന് പകരം മുസ്‌ലിംകളോട് പറയപ്പെട്ടിരിക്കുന്നത് അല്ലാഹുവിൽ വിശ്വാസമർപ്പിക്കുക എന്നാണ്. മറ്റുള്ളവരുമായി കഴിയുന്നത്ര പരസ്പരബന്ധത്തിന്റെ പാലം പണിയാൻ ശ്രമിക്കണമെന്നും അല്ലാഹു മുസ്‌ലിംകളെ പഠിപ്പിക്കുന്നു. അവർ മതമില്ലാത്തവരും ദൈവത്തിൽ വിശ്വസിക്കാത്തവരായാലും ഹൃദയത്തിൽ ശത്രുത ഉള്ളവരായാലും ശരി അവരുമായി മുസ്‌ലിംകൾ സമാധാനപരമായ ബന്ധം വളർത്തിയെടുക്കേണ്ടതാണ്.

വാസ്തവത്തിൽ ലോകത്തിന്റെ ശാന്തിപൂർണ്ണമായ സാമഞ്ജസ്യവും സമാധാനവും വീണ്ടെടുക്കാൻ വേണ്ടിയുള്ള എല്ലാ ശ്രമങ്ങളെയും ഇരുകൈകളും നീട്ടി സ്വീകരിക്കണമെന്ന് മുസ്‌ലിംകളോട് വളരെ കർശനമായി അല്ലാഹു നിർദേശിച്ചിരിക്കുന്നു.അതിനെക്കാളുപരി, സമാധാനത്തിന്ന് വേണ്ടി, തിന്മ ചെയ്യുന്നവരോട് പകരം നന്മ ചെയ്തും ധർമ്മനിഷ്ഠ പാലിച്ചുകൊണ്ടുമായിരിക്കണം പ്രതികരിക്കേണ്ടത് എന്ന് റസൂൽ തിരുമേനി(സ)യോട് അല്ലാഹു നിർദേശിച്ചതായി ഖുർആൻ 41-ാം അധ്യായം 35-ാം വചനത്തിൽ പറയുന്നു. ഇതിന്നു പിന്നിലുള്ള മഹത്തായ വിവേകജ്ഞാനം എന്തെന്നാൽ വെറുപ്പിന്ന് പകരം സ്നേഹം കൊണ്ട് പ്രതികരിച്ചാൽ ശത്രുത്വത്തിന്റേയും വിഭാഗീയതയുടെയും അഗാതയിൽനിന്നും ആത്മാർത്ഥമായ സൗഹൃദവും മൈത്രിയും ഉടലെടുക്കാൻ അവസരമുണ്ടാവും എന്നതാണ്.

ഏന്തൊരു ചേതോഹരമായ അധ്യാപനമാണിത്! തീർച്ചയായും എണ്ണിയാലൊടുങ്ങാത്തയത്ര സമാധാന

ത്തിന്റെയും സ്നേഹപൂർണ്ണമായ അനുരഞ്ജനത്തിന്റെയും സുരക്ഷയുടെയും സൗഹൃദത്തിന്റെയും അധ്യാപനങ്ങൾക്ക് റസൂൽ തിരുമേനി(സ) മാതൃക കാണിച്ചതായി നമുക്ക് കാണാം. ഞാൻ ഇവിടെ ഏതാനും കുറച്ച് കാര്യങ്ങൾ മാത്രമേ വിവരിച്ചിട്ടുള്ളൂ. ഇതെല്ലാം തെളിയിക്കുന്നത് സർവ്വശക്തനായ ഇസ്‌ലാമിന്റെ ദൈവം അവന്റെ സൃഷ്ടികൾക്കിടയിൽ ശാന്തിയും കനിവും സ്നേഹവും ഉണ്ടാവാൻ ആഗ്രഹിക്കുന്നു എന്നാണ്. അതുകൊണ്ട് ഇസ്‌ലാമികാധ്യാപനങ്ങൾ തീവ്രവാദവും വിദ്വേഷവുമാണ് പ്രചരിപ്പിക്കുന്നത് എന്ന ദുർധാരണയും ഭീതിയും വെച്ചുപുലർത്തുന്നവർ അവരുടെ ഹൃദയത്തിൽനിന്നും അത് എന്നെന്നേക്കുമായി പാടെ തുടച്ചുമാറ്റേണ്ടതാണ്. ഇന്ന് നാം കാണുന്ന കിരാതമായ രക്തചൊരിച്ചിലും അക്രമവും ഇസ്‌ലാമിനോടോ അതിന്റെ അധ്യാപനങ്ങൾക്കൊപ്പമോ ഒരിക്കലും ചേർന്നു നിൽക്കില്ല. തങ്ങളുടെ നിക്ഷിപ്ത താൽപര്യം തൃപ്തിപ്പെടുത്താൻ ഇസ്‌ലാമിന്റെ അന്തസാരതത്വത്തെ കളങ്കിതമാക്കി ഹൃദയത്തിൽ അന്യരോടുള്ള വിദ്വേഷവും സ്വാർത്ഥതയും കൊണ്ട് നിറച്ച മുസ്‌ലിംകൾ എന്നറിയപ്പെടുന്നവരുടെ പ്രവർത്തന ഫലമാണ് ഇസ്‌ലാമിന്നുണ്ടായ എല്ലാ അപഖ്യാതികൾക്കും കാരണം.

ദൈവിക വാഗ്ദാനമനുസരിച്ച് ഇക്കാലത്ത് ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങൾക്കനുസൃതമായി ലോകത്തെ ജ്ഞാനപ്രബുദ്ധമാക്കിക്കൊണ്ടിരിക്കുന്നത് അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ്. ഈ കാരണം കൊണ്ടാണ് മുസ്‌ലിംകളിൽനിന്നും അമുസ്‌ലിംകളിൽനിന്നും പതിനായിരക്കണക്കിന് സമാധാന കാംക്ഷികൾ അഹ്‌മദിയ്യാ പ്രസ്ഥാനത്തിൽ അണിനിരക്കുന്നത്. അല്ലാഹുവിന്റെ സ്നേഹം ലഭിക്കണമെന്ന ആഗ്രഹത്താലും ശാന്തിയും മനസ്സംതൃപ്തിയും പ്രകടിപ്പിച്ചുകൊണ്ടും അവർ അഹ്‌മദി മുസ്‌ലിംകളാവുകയാണ്.

തങ്ങളുടെ വികാരങ്ങളേയും ക്ഷോഭങ്ങളേയും നിയന്ത്രിക്കാനാവാതെ തീവ്രവാദ ഗ്രൂപ്പുകളിലേക്ക് ചേക്കേറിക്കൊണ്ട് നീതിരഹിതമായി ഇസ്‌ലാമിന്റെ പരിശുദ്ധനാമത്തെ ലോകത്ത് നശിപ്പിച്ചുകൊണ്ടിരിക്കുന്ന മോഹഭംഗമേറ്റ ജനവിഭാഗത്തെപോലെയല്ല അഹ്‌മദികൾ. ഇസ്‌ലാം സകലവിധേനയും നിരന്തരം തെറ്റായി ചിത്രീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ അഹ്‌മദികൾ ഒരിക്കലും പ്രതീക്ഷ കൈവെടിയുകയോ, ഭഗ്നഹൃദയരാവുകയോ ചെയ്യുകയില്ല. ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. ഞങ്ങൾ തന്നെയായിരിക്കും വിജയികൾ. അതായത് ഇസ്‌ലാമിന്റെ സത്യം ഒരുനാൾ ലോകത്ത് ഉദിച്ചുയരും ലോകത്തിലെ സമസ്ത ജനവിഭാഗങ്ങളും ഇസ്‌ലാമിന്റെ അഴകാർന്ന അധ്യാപനങ്ങൾ മനസ്സിലാക്കുക തന്നെ ചെയ്യും.

ഈ വാക്കുകളോടെ ഞാൻ അവസാനിപ്പിക്കുകയാണ്. ഇന്ന് ഞങ്ങളോടൊപ്പം ചേർന്നുകൊണ്ട് എന്നെ ശ്രവിച്ച നിങ്ങൾക്കേവർക്കും ഒരിക്കൽകൂടി എന്റെ ഹാർദ്ദമായ നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളെയെല്ലാവരേയും അല്ലാഹു അനുഗ്രഹിക്കട്ടെ വളരെയേറെ നന്ദി.

**വിവ: എ. എം. മുഹമ്മദ് സലീം.**

(Malayalam)

**Today, according to the Promises of God Almighty, it is the Ahmadiyya Muslim Community alone that is enlightening the world with the true teaching of Islam**

**സർവശക്തനായ ദൈവത്തിന്റെ വാഗ്ദാനങ്ങൾ അനുസരിച്ച്,
ഇന്ന് ഇസ്‌ലാമിന്റെ യഥാർത്ഥ അധ്യാപനങ്ങളിലൂടെ
ലോകത്തെ പ്രബുദ്ധരാക്കുന്നത് അഹ്മദിയ്യാ മുസ്‌ലിം സമൂഹം മാത്രമാണ്**

© Islam International Publications Ltd.

Published in Malyalam 2021, Copies :1000
Published by: Nazarat Nashr-o-Isha'at,
Sadr Anjuman Ahmadiyya Qadian.143516-Punjab,India
Printed in India @ Fazl-e-Umar Printing Press Qadian.

For further information please Visit:
www.alislam.org / www.ahmadiyyamuslimjamaat.in / www.mta.tv
Feedback www.ahmadiyyamuslimjamaat.in/feedback
Noorul Islam Toll Free Number : **1800 103 2131**

Muslim Television Ahmadiyya International
Satellite: Asia sat 7s, Degree: 105.5 East, Frequency 3760 Symbol Rate: 26000 FEC: Auto / C.Band 4 Feet Dish Antenna
EutelsatE70B,Degree:70° East,Frequency:11211,SymbolRate:5111,Polarization-HorizontalQPSK-1/2,KU Band 2 feet Dish Antenna